നമ്പർ ഇ.എം (1) 25674/2015

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 26/2/2016.
Email : keralaarcs.coop@kerala.gov.in
Wbsite : www.cooperation.kerala.gov.in
Fax : 0471-2331513
Tel : 0471-2330726

# സർക്കുലർ നമ്പർ 5/2016

വിഷയം: സഹകരണ വകുപ്പ്-സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) സഹകരണ സംഘം രജിസ്ട്രാറുടെ 2/2/1971- ലെ 2/73, 3/8/1979-ലെ 46/79, 8/2/1988-ലെ 6/88 എന്നീ നമ്പർ സർക്കുലറുകൾ.
2) ഈ ആഫീസിലെ 7/8/2014-ലെ ഇതേ നമ്പർ കത്ത്.
3) സർക്കാരിന്റെ 13/8/2015-ലെ 9562/ബി1/2014 സഹ: നമ്പർ കത്ത്.

സഹകരണ സംഘം ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി എൽ.ഐ.സി.യുടെ ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്ക്കീമിൽനിന്നും ലഭിക്കുന്നില്ലെന്നും എന്നാൽ അതേ സ്ക്കീമിൽ നിന്നും മറ്റു പല ജീവനക്കാർക്കും അധികമായി ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിനുമായി നിരവധി പരാതികൾ നിലനില്ക്കുന്ന സാഹചര്യത്തിൽ ജില്ലാ ബാങ്കുകളിൽ നിന്നും ഈ വിഷയത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം ആവശ്യപ്പെട്ടിട്ടുണ്ട്.

1969-ലെ കേരള സഹകരണ സംഘം ചട്ടം 59 പ്രകാരം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നല്കുന്നതിനുള്ള ബാധ്യത ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അപ്രകാരം സംഘങ്ങൾ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഒരുമിച്ച് നല്കുന്നതിലൂടെയുണ്ടാകുന്ന അധിക ബാധ്യത ലഘൂകരിക്കുന്നതിനുവേണ്ടിയാണ് എൽ.ഐ.സി.യുടെ ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്ക്കീം നടപ്പിലാക്കുവാൻ സൂചന(1) പ്രകാരമുള്ള 2/73 -ാം നമ്പർ സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുള്ളത്. ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്ക്കീം ബാധകമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 46/79, 6/88 എന്നീ സർക്കുലറുകൾ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

1972-ലെ ഗ്രാറ്റുവിറ്റി നിയമത്തിലെ, വകുപ്പ് 4 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ടി സ്ക്കീമിലൂടെ ജീവനക്കാർക്ക് അധികം ഗ്രാറ്റുവിറ്റി തുക സഹകരണ സ്ഥാപനങ്ങൾ നല്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സഹകരണ സംഘം

ചട്ടം 59 പ്രകാരം 1972-ലെ ഗ്രാറ്റുവിറ്റി നിയമം അനുശാസിക്കുന്ന തുകയിൽ നിന്നും അധികമായി ഗ്രാറ്റുവിറ്റി ഇനത്തിൽ നല്കുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ കത്തുകളുടെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം സർക്കാരിൽ നിന്നും ടി വിഷയത്തിന്മേൽ മാർഗ്ഗ നിർദ്ദേശം നല്കുന്നതിന് അപേക്ഷിച്ചിരുന്നു. സൂചന (3) കത്ത് പ്രകാരം 1972-ലെ ഗ്രാറ്റുവിറ്റി നിയമം, സഹകരണ സംഘം നിയമവും, ചട്ടങ്ങൾ എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തുകയിൽ അധികരിക്കരുതെന്നും, 23/10/2013-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21861/13-ാം നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിൽ കേരള സഹകരണ സംഘം ചട്ടം 59-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിലധികമായി ഗ്രാറ്റുവിറ്റി നല്കരുതെന്ന നിയമവ്യവസ്ഥ പ്രതിപാദിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിലും കൂടാതെ സഹകരണ സംഘം ചട്ടങ്ങളിലെ 59-ാം ചട്ടത്തിൽ വരുത്തിയ ഭേദഗതി ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവെച്ച സാഹചര്യത്തിലും സഹകരണ സംഘം നിയമം വകുപ്പ് 62, സഹകരണ സംഘം ചട്ടം 59 എന്നിവ പ്രകാരമുള്ള തുകമാത്രമേ ഗ്രാറ്റുവിറ്റിയായി നല്കുവാൻ പാടുള്ളൂ എന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്.

1972-ലെ പെയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് ബാധകമായ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി നല്കുന്നതിലേയ്ക്കായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷന്റെ ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്ക്കീം നടപ്പിലാക്കുമ്പോൾ, ടി ആക്ടിലെ വകുപ്പ് 4(3)-ൽ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന തുകയ്ക്ക് അനുസൃതമായി ഓരോ ജീവനക്കാർക്കും അർഹതപ്പെട്ട ഗ്രാറ്റുവിറ്റി പോളിസി തുകയിൽ അധികരിക്കാത്ത തുകയ്ക്കുള്ള പ്രീമിയം മാത്രമേ അടയ്ക്കുന്നുള്ളുവെന്നും, ടി ആക്ടിലെ വകുപ്പ് 4(3) പ്രകാരമുള്ള തുക മാത്രമാണ് ഗ്രാറ്റുവിറ്റിയായി ജീവനക്കാർക്ക് നല്കുന്നതെന്നും അതാത് സംഘം/ബാങ്ക് അധികാരികൾ കൃത്യമായും ഉറപ്പാക്കേണ്ടതാണ്. യാതൊരു കാരണവശാലും ജീവനക്കാർക്ക് നല്കാവുന്ന പരമാവധി ഗ്രാറ്റുവിറ്റി തുകയേക്കാൾ അധികമായി വരുന്ന പോളിസികളിൽ ടി സ്ഥാപനങ്ങൾ ചേരാൻ പാടുള്ളതല്ല. ഏതെങ്കിലും സ്ഥാപനങ്ങൾ ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അപ്രകാരം 1972-ലെ ഗ്രാറ്റുവിറ്റി

നിയമമോ സഹകരണ സംഘം നിയമമോ ഏതാണോ ബാധകമായിട്ടുള്ളത് ആയത് പ്രകാരം അർഹമായ ഗ്രാറ്റുവിറ്റി അനുവദിക്കേണ്ടതാണ്.

മേൽനിർദ്ദേശങ്ങൾ എല്ലാവരും കൃത്യമായി പാലിക്കുന്നുണ്ടെന്ന് എല്ലാ സഹകരണ സംഘങ്ങളും ബാങ്കുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്/-
എസ്. ലളിതാംബിക IAS
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1) ആഡിറ്റ് ഡയറക്ടർ
2) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
4) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
5) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ) മുഖേന
6) എല്ലാ കൺകറന്റ് ആഡിറ്റർമാർക്കും ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ) മുഖേന
7) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, എല്ലാ അപ്പെക്സ് സഹകരണ സ്ഥാപനങ്ങളും
8) പ്രസിഡന്റ്/ജനറൽ മാനേജർ / കൺകറന്റ് ആഡിറ്റർ, എല്ലാ ജില്ല സഹകരണ ബാങ്കുകളും
9) ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ എല്ലാ സഹകരണ ട്രെയിനിംഗ് സെന്ററുകൾക്കും
10) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
11) എഡിറ്റർ, സഹകരണ വീഥി
12) എഡിറ്റർ, സഹകരണ ജേർണൽ
13) സ്റ്റോക്ക് ഫയൽ, സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)